## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2150 — 17.02.2016 ൽ മറുപടിക്ക്

## ഖാദി തൊഴിൽ മേഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ഖാദിയുടെ ഉത്പാദന വർദ്ധനവിനും ഈ മേഖലയിലെ തൊഴിലാളികളുടെ അഭിവൃദ്ധിക്കും ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഖാദിയുടെ ഉല്പാദന വർദ്ധനവിനും ഈ മേഖലയിലെ തൊഴിലാളികളുടെ അഭിവൃദ്ധിയ്ക്കും അനവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് നൽകിവന്നിരുന്ന ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള മിനിമം വേതനം പദ്ധതി തുടർന്നും നടപ്പാക്കി വരുന്നു. ഇതിനായി 2011-12 ൽ 14.68 കോടി രൂപയും 2012-13 ൽ 20 കോടി രൂപയും 2013-14 ൽ 18 കോടി രൂപയും 2014-15 ൽ 22 കോടി രൂപയും 2015-16 ൽ 13.5 കോടി രൂപയും അനുവദിച്ചത് വിതരണം ചെയ്തു കഴിഞ്ഞു. ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന ഉൽപാദന ഇൻസെന്റീവ് ഇരട്ടിയായി വർദ്ധിപ്പിച്ചു.നൂല്പുകാർക്ക് അവർ ഉല്പാദിപ്പിക്കുന്ന ഒരു കഴി നൂലിന് നൽകി വരുന്ന 30 പൈസ എന്നത് 60 പൈസയായും നെയ്ത്തുകാർക്ക് അവർ നെയ്യുന്നതിനായി ഉപയോഗിക്കുന്ന ഒരു കഴി നൂലിന് 90 പൈസ എന്നത് 180 പൈസയായും വർദ്ധിപ്പിച്ചു നൽകിവരുന്നു. ഖാദി മേഖലയിലെ തൊഴിലാളികളുടെ അഭിവൃദ്ധി ലക്ഷ്യമാക്കി തറികളുടേയും ചർക്കകളുടേയും ആധുനികവത്ക്കരണ ത്തിനു വേണ്ടി ഈ മേഖലയിലെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനായി കേരള സർക്കാർ നിയമിച്ച ശ്രീ.ഗോപിനാഥൻ നായർ ചെയർമാനായ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 29.46 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകുകയും 15.21 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പുതിയ വർക്ക്ഷെഡുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ പുനരുദ്ധാരണം |

നടത്തുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സർക്കാർ തുക വിനിയോഗിച്ച് കഴിഞ്ഞിട്ടുണ്ട്. നിലത്തിരുന്ന് നൂറ്റിരുന്ന ഖാദി തൊഴിലാളികൾക്ക് ഖാദി നൂല്പ് പ്രക്രിയയിലെ ആയാസം കുറയ്ക്കുവാനായി മേശയും സ്റ്റൂളും പൂർണ്ണമായും സ്ഥാപിച്ചു. ചെന്നൈ IIT യുടെ സാങ്കേതിക സഹായത്തോടെ ഉല്പാദന ഉപകരണങ്ങളായ ചർക്കകളുടേയും തറികളുടേയും ആധുനികവത്ക്കരണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലൂടെ ഉല്പാദന ക്ഷമതയും വേതനവർദ്ധനയും ഉണ്ടാക്കുവാൻ സാധിക്കുമെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയത് വിപുലപ്പെടുത്തുവാനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു. ഖാദി തൊഴിലാളികൾക്ക് നൽകി വന്നിരുന്ന ഉത്സവബത്ത 1000 /- രൂപയായി വർദ്ധിപ്പിച്ചു നൽകി. ഖാദി മേഖലയിലെ സഹകരണ സംഘങ്ങൾക്കും മറ്റു ഖാദി സ്ഥാപനങ്ങൾക്കും അവയുടെ പുനരുദ്ധാരണം,ചർക്കയും തറികളും വാങ്ങൽ, വില്പനശാലയുടെ നവീകരണം തുടങ്ങിയവയ്ക്കായി തുക അനുവദിച്ച് സംഘങ്ങളുടേയും സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾക്ക് പുത്തനുണർവ്വ് നൽകി. സംസ്ഥാനത്തെ ഖാദി തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 01-04-2014 മുതൽ ഖാദി തൊഴിലാളികളെ ഇ.എസ്.ഐ പദ്ധതിയുടെ ഗുണഭോക്താക്കളായി നിശ്ചയിച്ചു നൽകി. ആയതിനുള്ള തൊളിലാളി വിഹിതം ബോർഡു തന്നെ വഹിക്കുന്നു. മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമായി തുടങ്ങിയതോടെ കൂടുതൽ തൊഴിലാളികൾ ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നുണ്ട്. ഖാദി ഉല്പാദന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിടങ്ങളെയും കെട്ടിട നികുതിയിൽ നിന്നും ഈ സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. പുതിയതായി നെയ്ത്തു കേന്ദ്രങ്ങളും നൂല്പ് കേന്ദ്രങ്ങളും ഈ മേഖലയിൽ ആരംഭിച്ചതു വഴി കൂടുതൽ പേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞു. ഖാദി തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ കേരള ഖാദി തൊഴിലാളി

ക്ഷേമനിധി ബോർഡ് വഴി നൽകി വരുന്നു. കൂടാതെ കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ആം ആദ്മി ബീമാ യോജനാ പദ്ധതിയുടെ പ്രയോജനവും ഖാദി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. ഖാദി മേഖലയിൽ പ്രവർത്തിക്കാൻ താത്പര്യമുള്ള നവാഗത തൊഴിലാർത്ഥികൾക്ക് സ്റ്റൈപ്പന്റോടെ പരിശീലനം നൽകി വരുന്നു.

മേൽ സൂചിപ്പിച്ചിരിക്കുന്നവ ഖാദി മേഖലയിൽ നടപ്പിലാക്കിയതുവഴി ഖാദി മേഖലയിലേയ്ക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുവാനും അതുവഴി ഖാദിയുടെ ഉത്പാദനം ഓരോ വർഷവും വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

| | |
|---|---|
| (ബി) ഖാദിയുടെ ഉൽപാദനം വർദ്ധിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് പറയാമോ; | (ബി) അടച്ചുപൂട്ടിയ ഖാദി ഉല്പാദന കേന്ദ്രങ്ങൾ പുനരുദ്ധരിക്കുന്നതിനും തൊഴിലാളിലഭ്യതയ്ക്കനുസൃതമായി പുതിയതായി ഖാദി ഉല്പാദന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഖാദി മേഖലയുടെ ആധുനികവത്ക്കരണ പദ്ധതിയിൽ കൂടി പുതിയ വർക്ക് ഷെഡുകളുടെ നിർമ്മാണം,സ്പെയർ പാർട്ട്സ് വാങ്ങൽ, പുതിയ ചർക്കകളും തറികളും സ്ഥാപിക്കൽ, റെഡിമെയ്ഡ് വാർപ്പ് യൂണിറ്റ് സ്ഥാപിക്കൽ, ഖാദി സ്ഥാപനങ്ങൾക്ക് പ്രവർത്തനമൂലധനം തുടങ്ങിയവ നൽകിയും യാന്ത്രിക ആധുനീകരണം പരമാവധി ചർക്കകളിലും തറികളിലും വരുത്തി ഉല്പാദന ഇൻസെന്റീവിനും കൂലി വർദ്ധനവിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഉത്സവങ്ങളോടനുബന്ധിച്ച് ഖാദി മേളകളും സംഘടിപ്പിച്ചുവരുന്നു. |
| (സി) ഖാദി ഉത്പന്നങ്ങൾ സാധാരണക്കാർക്ക് അപ്രാപ്യമായി മാറുന്നത് എന്തുകൊണ്ടാണ്;ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) ഖാദി ഉല്പന്നങ്ങൾ സാധാരണക്കാർക്ക് അപ്രാപ്യമാണെന്നുള്ള വാദം തെറ്റാണ്. ഖാദിയുടെയും ഖാദിയോടൊപ്പമുള്ള ഗ്രാമ വ്യവസായ ഉല്പന്നങ്ങളുടെയും പ്രധാന ഉപഭോക്താക്കൾ സാധാരണക്കാരാണ്. ബഹുരാഷ്ട്രകുത്തകകളുടെ വിപണിയിലുള്ള കടന്നുകയറ്റവും ഉല്പന്നങ്ങളിന്മേൽ സമൂഹമാധ്യമങ്ങളിലൂടെയടക്കമുള്ള പ്രചരണവും കണക്കിലെടുക്കുമ്പോൾ അവയ്ക്ക് ഒപ്പം മത്സരിക്കാനുള്ള സർക്കാർ സംവിധാനത്തിന്റെ പരിമിതിയാണ് ഉല്പന്നങ്ങളെ സംബന്ധിച്ചുള്ള അവബോധം പൊതുജനങ്ങൾ |

ക്കിടയിൽ കുറവാണ് എന്നുള്ള തോന്നലിന് ഇടയാക്കുന്നത്. ഖാദിയെ സംബന്ധിച്ചാണെങ്കിൽ വില്പന വർഷം തോറും വർദ്ധിച്ചുവരികയാണ്. വില്പന ആവശ്യത്തിനനുസരിച്ച് ഖാദി വസ്ത്രങ്ങൾ തദ്ദേശീയമായി നിർമ്മിക്കാൻ കഴിയാത്ത അവസ്ഥയാ ണുള്ളത്. ഖാദി ഗ്രാമ വ്യവസായ മേഖലയിൽ കൂടുതൽ ബ്രാന്റഡ് ഉല്പന്നങ്ങൾ നിർമ്മിച്ചു തുടങ്ങിയതോടെ കൂടുതൽ പ്രചാരം വന്നിട്ടുണ്ട്. ഒപ്പം വിപണന ശൃംഖല വിപുലപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ